പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4495 | 21/03/2018-ൽ മറുപടിക്ക്

## രോഗനിർണ്ണയവുമായി ബന്ധപ്പെട്ട പരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| രോഗനിർണ്ണയവുമായി ബന്ധപ്പെട്ട പരിശോധനകൾക്ക് പലയിടത്തും പല നിരക്ക് ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരക്ക് ഏകീകരിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | ഉണ്ട്. വിവിധ ആശുപത്രികളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും നൂതന സാങ്കേതിക വിദ്യയുടെയും സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും റീഏജന്റുകളുടെ അടിസ്ഥാനപ്പെടുത്തി ഓരോ രോഗനിർണ്ണയ പരിശോധനയ്ക്കും വ്യത്യസ്ത നിരക്ക് ഉണ്ടാകാനിടയുണ്ട്. എന്നിരുന്നാലും ചില ആശുപത്രികളിലും ലാബോറട്ടറികളിലും ഭാരിച്ച ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ടിന്മേലുള്ള ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കുന്നതോടെ ഇക്കാര്യത്തിൽ ഒരു പരിധിവരെ നിയന്ത്രണം കൊണ്ടുവരാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ